പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1190** 02.03.2017- ൽ മറുപടിക്ക്

**<u>കഞ്ഞിക്കുഴിയിൽ ഫ്ലൈ ഓവർ</u>**

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി)** |
| (എ) ഗതാഗതക്കുരുക്കിനാൽ ശ്വാസം മുട്ടുന്ന കോട്ടയം പട്ടണത്തിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് കെ. കെ. റോഡിൽ കഞ്ഞിക്കുഴിയിൽ ഫ്ലൈ ഓവർ നിർമ്മിക്കാനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br>(ബി) വർക്ക് ഓർഡർ നൽകിയവയിന്മേലുള്ള അനന്തര നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ? | (എ) യും (ബി) യും | ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോട്ടയം പട്ടണത്തിലെ കഞ്ഞിക്കുഴിയിൽ 590 മീറ്റർ ദൈർഘ്യത്തിലും 7.5 മീറ്റർ വീതിയിലും ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് 30.71 കോടി രൂപയുടെ പദ്ധതിക്ക് സർക്കാർ 04.12.2015-ലെ സ.ഉ (സാധാ) നം. 1804/2015/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗം (സെൻട്രൽ സർക്കിൾ) പൂർത്തിയാക്കുകയും 01.10.2016-ലെ സ.ഉ (സാധാ) നം. 1349/2016/പൊ.മ.വ പ്രകാരം ടെണ്ടർ നടപടികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഫ്ലൈ ഓവറിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമായിട്ടില്ല ആയതിനാൽ പ്രവൃത്തിയുടെ കരാർ നൽകിയിട്ടില്ല. പദ്ധതിക്കാവശ്യമായ ഫണ്ടിന്റെ കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ